പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4717

05-02-2014 ൽ
മറു പടിയ്ക്ക്

## സ്വകാര്യ വാർത്താ ചാനലുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ..കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. കെ.സി. ജോസഫ് ( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| സ്വകാര്യ വാർത്താചാനലുകൾ ഭീകരദൃശ്യങ്ങൾ സംപ്രേഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| എങ്കിൽ ഇത് സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | ഇതു സംബന്ധിച്ച് വകുപ്പുതലത്തിൽ പഠനം നടത്തിയിട്ടില്ല. |
| എങ്കിൽ ഇപ്രകാരം സംപ്രേഷണം ചെയ്യുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ: | സി) | കേന്ദ്ര വാർത്താ പ്രക്ഷേപണ മന്ത്രാലയമാണ് കേബിൾ ടി.വി ക്ക് എതിരെ നടപടി സ്വീകരിക്കേണ്ടത്. കേബിൾ ടി.വി. നെറ്റ് വർക്ക് (റഗുലേഷൻ) ആക്ട് 1995 ലെ വ്യവസ്ഥകൾ പ്രകാരം അഡ്വർടൈസ്മെന്റ് കോഡ്, പ്രോഗ്രാം കോഡ് എന്നിവയ്ക്ക് വിരുദ്ധമായ പരിപാടികൾ സംപ്രേഷണം ചെയ്താൽ ആയത് പിടിച്ചെടുക്കുന്നതിനും മറ്റുമുള്ള അധികാരം ഓതറൈസ്ഡ് ഓഫീസറായ ജില്ലാ മജിസ്ട്രേറ്റിൽ നിക്ഷിപ്തമാണ്.<br>.23-5-13 ലെ സ.ഉ. നം 233/13/ഐ&പി. ആർ പ്രകാരം സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.. ഈ കമ്മിറ്റിയിൽ ഐ&പി.ആർ സെക്രട്ടറി ചെയർമാനും സ്റ്റേറ്റ് പോലീസ് ചീഫ് പ്രതിനിധി, സോഷ്യൽ വെൽഫയർ സെക്രട്ടറി, ദൂരദർശൻ കേന്ദ്രം ഡയറക്ടർ, എന്നിവർ അംഗങ്ങളും , പബ്ലിക് റിലേഷൻസ് ഡയറക്ടർ അംഗ സെക്രട്ടറിയുമാണ്. ഇവർക്ക് പുറമെ നോമിനേറ്റഡ് അംഗങ്ങളായി ശ്രീമതി. സുഗതകുമാരി , ഡോ. അച്ചുതശങ്കർ എസ്. നായർ, ഡോ.കൃഷ്ണപ്രസാദ് ശ്രീധർ, ഡോ. ലക്ഷ്മി വി. നായർ , ശ്രീ. കെ.സി. രാജഗോപാൽ എന്നിവരും ഉൾപ്പെട്ടിട്ടുണ്ട്.. സംസ്ഥാന സമിതി പരാതികൾ പരിശോധിച്ച് ആവശ്യമായ ശുപാർശകൾ കേന്ദ്രസർക്കാരിന് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ